പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 957 7.2.**2013** ന് മറുപടിക്ക്

<u>അസംഘടിത തൊഴിലാളികൾക്കായി ക്ഷേമനിധി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എം.പി.വിൻസെൻറ്<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി ) |
| എ)സംസ്ഥാനത്തെ അസംഘടിത തൊഴിലാളികൾക്കായി കേന്ദ്ര സർക്കാർ നിശ്ചയിച്ച ക്ഷേമനിധി ബോർഡ് നിലവിൽ വന്നിട്ടുള്ളതായി അറിയാമോ; | എ) അറിയാം. |
| ബി)ഏത് നിയമമനുസരിച്ചാണ് ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) 2008 ലെ 33-ാം കേന്ദ്ര നിയമമായ അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ നിയമം 2008 ന്റേയും 2010 -ലെ കേരള അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ ചട്ടങ്ങളുടേയും വ്യവസ്ഥകൾ പ്രകാരമാണ് ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നത്. |
| സി)എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് വഴി ലഭിക്കുന്നത് വിശദമാക്കുമോ ; | സി) അംഗങ്ങൾക്ക് സേവനത്തിന്റെ ദൈർഘ്യമനുസരിച്ച് റിട്ടയർമെന്റ് ആനുകൂല്യം, പെൻഷൻ , കുടുംബപെൻഷൻ, പ്രസവാനുകൂല്യം , വിവാഹാനുകൂല്യം , ചികിൽസാ സഹായം , വിദ്യാഭ്യാസ ആനുകൂല്യം , അംഗങ്ങളുടെ കുടുംബാംഗങ്ങളുടെ മരണാനന്തരചെലവ് , മരണാനന്തര ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| ഡി)സംസ്ഥാനത്തെ ഏതെല്ലാം ക്ഷേമപദ്ധതിയിലെ തൊഴിലാളികൾക്കാണ് ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മൂലം പ്രയോജനമുണ്ടാകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി)1.1996- ലെ കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി<br>2. 2004- ലെ കേരള ബാർബേഴ്സ് ആൻറ് ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമപദ്ധതി<br>3.2004- ലെ കേരള അലക്ക തൊഴിലാളി ക്ഷേമപദ്ധതി<br>4.2011- ലെ കേരള ഗാർഹിക തൊഴിലാളി ഷേമപദ്ധതി<br>5.2011 ലെ കേരള ക്ഷേത്ര തൊഴിലാളി ക്ഷേമപദ്ധതി<br>6.2011- ലെ കേരള പാചക തൊഴിലാളി ക്ഷേമപദ്ധതി<br>7.1980 ലെ മരം കയറ്റതൊഴിലാളി ക്ഷേമപദ്ധതി<br>8. കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി<br>ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം പുരോഗമിക്കുന്നതോടുകൂടി എല്ലാ അസംഘടിത തൊഴിലാളികളേയും ഈ ബോർഡിന്റെ കീഴിൽ കൊണ്ട് വന്ന് ആനുകൂല്യം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

2